**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3.19, 3.20(1), 3.20(2), 3.21(1), 3.21(2)- സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാ.ധാ) നം. 174/15/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 19/01/2015**

---

പരാമർശം:- 1) ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 17/05/2013-ലെ കത്ത്

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 16/03/2014-ലെ എൽ.എഫ്.12379/പിറ്റി3/14 നമ്പർ കത്ത്.

3) പഞ്ചായത്ത് ഡയറക്ടറുടെ 24/11/2014-ലെ എം3-25617/13 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 3.19, 3.20(1), 3.20(2), 3.21(1), 3.21(2) എന്നിവ പ്രകാരം ഓടക്കയം ഗവൺമെന്റ് യു.പി സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ ഏറനാട് ജലോത്സവം, അക്ഷരജ്യോതി, എസ്.സി സമഗ്രവിദ്യാഭ്യാസം എന്നീ പദ്ധതികളുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമാണ് മേൽ പദ്ധതികൾ നടപ്പിലാക്കിയിരുന്നതെന്നും പദ്ധതികളുടെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ മേൽ ഖണ്ഡികകൾ പ്രകാരമുള്ള തടസ്സവാദത്തിന്മേൽ സാധൂകരണം ലഭ്യമാക്കണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ ചെലവുകൾക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സാധൂകരണം നൽകാവുന്നതാണ് എന്ന് പരാമർശം രണ്ട്, മൂന്ന് കത്തുകൾ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.19, 3.20(1), 3.20(2), 3.21(1), 3.21(2) എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്,മലപ്പുറം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ